**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3956** | **31.01.2014-ലെ മറുപടിയ്ക്ക്**

# മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക്

**ചോദ്യം**

ശ്രീ. ഇ.പി.ജയരാജൻ

(എ) മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിന് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്ഥലം ഏറ്റെടുത്തു; ഇതിനുള്ള നഷ്ടപരിഹാരമായി എത്ര തുക സ്ഥലം ഉടമകൾക്കു നൽകി;

(ബി) ഇനിയും സ്ഥലം ഏറ്റെടുക്കുവാനുണ്ടോ; നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഏറ്റെടുത്തുകഴിഞ്ഞ സ്ഥലത്ത് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞോ;

(ഡി) എങ്കിൽ മാസ്റ്റർ പ്ലാനിനെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണവും അതിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുമോ;

(ഇ) ഇൻഡസ്ട്രിയൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് കൈക്കൊണ്ടുവരുന്ന മറ്റുനടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

**മറുപടി**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) മട്ടന്നൂർ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടി 49.078 ഹെക്ടർ ഭൂമി ഇതിനകം ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിനുള്ള നഷ്ടപരിഹാരമായി മൊത്തം 52,27,46,081 രൂപ സ്ഥലമുടമകൾക്കു നൽകിയിട്ടുണ്ട്.

(ബി) ഇനി 7.4511 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുണ്ട്. ഇതിൽ 3.2220 ഹെക്ടർ ഭൂമിയെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ബാക്കിയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അസ്സൽ രേഖകളും മറ്റും ഹാജരാക്കുന്നതിനുവേണ്ടി കക്ഷികളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(സി)യും (ഡി)യും
ഏറ്റെടുത്തുകഴിഞ്ഞ സ്ഥലത്ത് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ഇ) ഒരു നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്മേലുള്ള മറ്റു പ്രവർത്തനങ്ങൾ തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ